**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 755 — 24.01.2018 -ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ഐ.ബി. സതീഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) വിനോദസഞ്ചാര മേഖലകളിലുള്ള തദ്ദേശവാസികൾക്ക് കൂടുതൽ ഫലപ്രദമാകുന്ന രീതിയിലുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | എ) പ്രാദേശിക ഉൽപ്പാദനം, പ്രാദേശിക സംഭരണം, ടൂറിസം മേഖലയിലെ പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയാണ് പ്രധാനമായും വിനോദസഞ്ചാര മേഖലകളിലുള്ള തദ്ദേശവാസികൾക്ക് കൂടുതൽ ഫലപ്രദമാകുന്നതിനായി ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനം, ഗ്രാമീണ ടൂറിസം പാക്കേജുകളുടെ വിപണനം, കലാപ്രവർത്തനങ്ങൾ എന്നിവയിലൂടെ ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകൾക്ക് വരുമാനം ലഭ്യമായിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നശേഷം 2017 ആഗസ്റ്റ് മുതൽ 2017 ഡിസംബർ 30 വരെയുള്ള കാലയളവിൽ 1,46,69,746/- രൂപയുടെ (ഒരു കോടി നാൽപ്പത്തിയാറ് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയാറ് രൂപയുടെ) വരുമാനം വിവിധ ഡെസ്റ്റിനേഷനുകളിൽ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകൾക്ക് ലഭിച്ചിട്ടുണ്ട്. കേരളത്തിൽ ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപടി സ്വീകരിക്കുന്നുണ്ട്. വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ |

വിഭാഗക്കാർ, ഭിന്ന ലിംഗക്കാർ, ഭിന്നശേഷിക്കാർ എന്നിവർക്ക് മെച്ചപ്പെട്ട അവസരങ്ങൾ ലഭിക്കുന്നതിന് വേണ്ടി വിവിധ പരിശീലന പരിപാടികൾ മിഷൻ ആരംഭിച്ചിട്ടുണ്ട്. ഈ വിഭാഗങ്ങളുടെ കലാപരിപാടികൾ, സോവനീറുകൾ, മറ്റിതര ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനം ഉറപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

| | | | |
|---|---|---|---|
| ബി) | ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി വില്ലേജ് ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | ബി) | ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി വില്ലേജ് ടൂറിസം പദ്ധതി വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ എന്ന പേരിൽ നടപ്പാക്കി വരുന്നു. |
| സി) | എങ്കിൽ ഏതെല്ലാം ഗ്രാമങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്നും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതി പ്രകാരം നടപ്പാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ? | സി) | കുമരകം, തേക്കടി, ചെറുവയൽ, കോവളം, നെല്ലാറച്ചാൽ, ചെട്ട്യാലത്തൂർ എന്നിവിടങ്ങളിലാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി ഈ പ്രവർത്തനം ആദ്യം നടന്നിരുന്നത്. ഇതിന്റെ ഭാഗമായി പരമ്പരാഗത തൊഴിലുകളെ ടൂറിസം ഉൽപ്പന്നങ്ങൾ ആക്കി പാക്കേജുകളാക്കുകയും ആ പാക്കേജുകൾ വിപണനം ചെയ്യുകയും അതിൽനിന്നുള്ള വരുമാനം പാക്കേജിന്റെ ഭാഗമായ വ്യക്തികൾ, സ്ഥാപനങ്ങൾ, തൊഴിലാളികൾ, വനിതകൾ തുടങ്ങിയവർക്ക് ലഭ്യമാക്കുകയും ചെയ്യുന്ന രീതിയാണ് നടന്നു വരുന്നത്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഗ്രാമീണ ടൂറിസം പാക്കേജുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ നെയ്ത്തുശാലകൾ, കുന്നുമങ്കലത്തെ ബെൽ മെറ്റൽ നിർമ്മാണം, വിവിധ കാവുകളിലെ തെയ്യങ്ങൾ, കൃഷിയിടങ്ങളിലെ സന്ദർശനം, പരമ്പരാഗത മൽസ്യബന്ധന രീതികൾ എന്നിവ കൂട്ടിച്ചേർത്തു വയനാട്ടിലെ ചെകാടിയിൽ ഗ്രാമയാത്ര എന്ന പേരിൽ പദ്ധതി |

പാക്കേജ് ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ തിരുവാർപ്പ് പഞ്ചായത്തിലെ മലരിക്കൽ എന്ന കൊച്ചു ഗ്രാമത്തെ മാധ്യമ ശ്രദ്ധ ആകർഷിക്കും വിധം ഇതിനോടകം ടൂറിസം കേന്ദ്രമായി വില്ലേജ് ടൂറിസത്തിന്റെ ഭാഗമായി ഉയർത്തിക്കൊണ്ട് വരാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമേ മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്ന പദ്ധതി വില്ലേജ് ടൂറിസത്തിന്റെ ഭാഗമായി താഴെ പറയുന്ന പ്രദേശങ്ങളിൽ ആരംഭിക്കുന്നതാണ്.

1. വലിയപറമ്പ
2. കോൾതുരുത്തി (ആന്തൂർ മുനിസിപ്പാലിറ്റിയിലെ ദ്വീപ്)
3. പാമ്പുരുത്തി (കോളച്ചേരി പഞ്ചായത്ത് ദ്വീപ് )
4. മലപ്പട്ടം
5. തെക്കുംപാട്ട് (മാട്ടൂൽ പഞ്ചായത്ത് ദ്വീപ് )
6. ഏഴോം പഞ്ചായത്ത്
7. തിരുവാർപ്പ് പഞ്ചായത്ത്
8. അയ്മനം പഞ്ചായത്ത്
9. ചെറുതുരുത്തി
10. പെരുവെമ്പ
11. വെള്ളിനേഴി
12. കാന്തല്ലൂർ
13. ഒളവണ്ണ.

സെക്ഷൻ ഓഫീസർ